● പുല്ലമ്പാറ ശംസുദ്ദീൻ

മുഹബ്ബത്തിന്റെ പൂക്കൾ

ആഖ്യായിക (8)

# കഴുമരം പകരുന്ന കാമന മോഹങ്ങൾ

ദാറാൻ ചക്രവർത്തിയുടെ ഭരണകാലം. സ്വന്തം സുഖഭോഗങ്ങൾക്കായി ഖജനാവ് ധൂർത്തടിച്ചു കൊണ്ടിരിക്കുന്നു. പണത്തിന് വേണ്ടി സാധാരണക്കാരെയും പട്ടിണി പാവങ്ങളെയും ഞെക്കിപ്പിഴിയുന്നു. ഭാരിച്ച നികുതികൾ അവരുടെ മേൽ അടിച്ചേൽപ്പിച്ചു. നാടിന്റെ നന്മക്കു വേണ്ടി ഒന്നും ചെയ്യാൻ അയാൾ തയ്യാറായില്ല.

സ്ത്രീകൾ ദാറാന്റെ ഒരു ദൗർബല്യമാണ്. പെണ്ണിന് വേണ്ടി എന്തും ചെയ്യാൻ അയാൾ ഒരുക്കമാണ്.

എന്തും സഹിക്കാൻ ജനങ്ങൾ താനേ ശീലിച്ചു. പ്രതികരിക്കാനാവില്ലല്ലോ. കൽപന കല്ലേ പിളർക്കുന്ന കാലം. മനസ്സിൽ അയാളെ ശപിക്കാൻ മാത്രമേ കഴിയൂവെന്നായി.

അറേബ്യയിൽ നിന്ന് ചില മുസ്‌ലിംകൾ ആയിടയ്ക്ക് ശാസമാനിലെത്തി. വളരെ രഹസ്യമയിട്ടായിരുന്നു വരവ്. തീർത്ഥാടകരുടെ ഭാവത്തിൽ അവർ ശാസമാനിൽ ചുറ്റികറങ്ങി. ഇസ്‌ലാം മതത്തെ കുറിച്ച് രഹസ്യ പ്രബോധനമായിരുന്നു ലക്ഷ്യം.

പലർക്കും ഇസ്‌ലാമിന്റെ പുതിയ രീതികളോട് പെട്ടെന്ന് യോജിക്കാനായില്ല. സ്വതന്ത്രമായി എന്തും ചെയ്യാനുള്ള അവകാശങ്ങൾ അച്ചടക്കം കൊണ്ട് നിഷേധിക്കപ്പെടുന്നു. അതിനോട് പൊരുത്തപ്പെട്ടു പോകുക പ്രയാസം തന്നെ. ഏകദൈവം എന്ന വിശ്വാസം തന്നെ അവരെ നിരാശരാക്കി. എല്ലാ കാര്യങ്ങളും ഒരു ദൈവം തന്നെ നിവർത്തിച്ചു തരുമെന്നോ? സൃഷ്ടി, സംരക്ഷണം, സംഹാരം, എന്തു ദുർഘടം പിടിച്ച പണികൾ എല്ലാം ഒരു ദൈവം തന്നെ ചെയ്യുക. അത് സുസാദ്ധ്യമെന്ന് കരുതുന്നതെങ്ങനെ? പുതിയ മതങ്ങളെ മുഖവിലക്കെടുക്കാതെ പലരും തള്ളിക്കളഞ്ഞു. മതം മാറ്റം ചക്രവർത്തി അറിഞ്ഞാലുള്ള കാര്യം പറയാനും പറ്റില്ല.

വളരെ കുറച്ചു പേർ വിശ്വാസികളായി. അ

ക്കൂട്ടത്തിൽ എന്റെ മരുമകൻ ജാബി റുമുണ്ടായി.

ഒരു ദിവസം ജാബിർ സന്തോ ഷവാനായി കയറി വന്നു. കച്ചവടം കഴിഞ്ഞ് രാത്രിയാണ് മടങ്ങി വരി ക. കിട്ടാത്തതെന്തോ കിട്ടിയ സ ന്തോഷമായിരുന്നു മുഖത്ത് വന്നപ ാടെ ജാബിർ ഭാര്യയെ വിളിച്ചു.

ആസൂറാ..

ആസൂറ നോക്കുമ്പോൾ സ ന്തോഷം കൊണ്ട് മതിമറന്ന് നിൽ ക്കുന്ന ഭർത്താവ്.

എന്താ പതിവില്ലാത്തൊരു മൊ ഞ്ച്

എടീ അല്ലാഹു ഒന്നേയുള്ളൂ.. അവന്ന് സമന്മാരില്ല. അവൻ പ്രസ വിക്കുകയോ പ്രസവിക്കപ്പെടുക യോ ചെയ്തിട്ടില്ല.

ജാബിർ പറഞ്ഞു.

''അല്ല, ഇന്നെന്തോ വെളിപാടു ണ്ടായ ഹാലുണ്ടല്ലോ.. എന്താ ഇ ത്''

അസൂറ ചിന്തിക്കുകയായിരു ന്നു. ദൈവം ഏകനാണ്. അവന് സ മന്മാരില്ല. അവനു സന്തതികളില്ല. അവൻ പ്രസവിക്കപ്പെട്ടതുമല്ല. വി ശ്വാസയോഗ്യമായ വസ്തുതകളാ ണ്. മനുഷ്യനും ദൈവവും തമ്മിൽ ഒരു തരത്തിലും തുല്യത വരാൻ പ ാടില്ല. തുല്യത വന്നാൽ ദൈവത്തി ന് മനുഷ്യനെക്കാളെന്തു മഹത്വമാ ണ്.

''ഞാൻ അറേബ്യയിൽ നിന്നും വന്ന ചില മുസ്ലിംകളെ കണ്ടു. അവരാണീ കാര്യങ്ങളെനിക്കു പറ ഞ്ഞുതന്നത്. ഇപ്പോതന്നെ കുറെ യൊക്കെ ഞാൻ പഠിച്ചുകഴിഞ്ഞു.'' ജാബിർ പറഞ്ഞു.

അവനറിഞ്ഞ കാര്യങ്ങൾ ഞ ങ്ങൾക്കും പറഞ്ഞുതന്നു. കേട്ട പ്പോൾ തന്നെ ഞങ്ങൾക്കിഷ്ടമാ യി.

അടുക്കും ചിട്ടയുമുള്ള മതം. മനുഷ്യർ തുല്യരാണെന്ന് പഠിപ്പി ക്കുന്ന മതം. സ്നേഹവും സൗ ഹാർദ്ദവും വിതറുന്ന സന്ദേശങ്ങൾ.

ചുരുങ്ങിയ കാലംകൊണ്ട് ഞ ങ്ങൾ വളരെയേറെ കാര്യങ്ങൾ പ ഠിച്ചു.

പുതിയൊരുണർവ്.

മനസ്സിൽ സംതൃപ്തിയുടെ വെ ളിച്ചം. ഹൃദയത്തിൽ പുത്തനൊരു പ്രകാശം തെളിഞ്ഞു. അല്ലാഹുവി നെ സ്തുതിക്കുക. ശീലമായി.

ഏത് കാര്യം ചെയ്യുമ്പോഴും മ നസ്സ് പറയാൻ തുടങ്ങി. റബ്ബേ നി ന്റെ തൃപ്തിക്കുവേണ്ടി ഞാനിതു ചെയ്യുന്നു. നിന്റെ കോപം ഞങ്ങളു ടെ മേലുണ്ടാകരുതേ..

ഭൂമി മനുഷ്യന്റെ വഴിയമ്പലമാ ണ്. മനസ്സിൽ മരണമെന്ന യാഥാർ ത്ഥ്യം തുടികൊട്ടാൻ തുടങ്ങി. തെറ്റി ലേക്കു വഴുതാൻ തുടങ്ങുമ്പോൾ മരണത്തെ കുറിച്ചുള്ള ഓർമവരും. ഉടൻ പശ്ചാത്താപത്തോടെ പിന്തി രിയാൻ തുടങ്ങും.

മനുഷ്യൻ ഒരു കേവല ജീവി യാണ്. ജനിച്ചപ്പോൾ ഒന്നും അവൻ കൊണ്ടുവന്നിട്ടില്ല. മരിക്കുമ്പോൾ ഒന്നും കൊണ്ടുപോകുന്നുമില്ല. ഭൂ മിയിൽ ഒന്നുകൊണ്ടും തൃപ്തിപ്പെ ടാതെ ആർത്തിപിടിക്കുന്നു. എല്ലാം സ്വന്തമാക്കാനുള്ള ത്വര. അത് അവ നെ ഒരിടത്തുമെത്തിക്കുന്നില്ല. എ ത്തിപ്പെടുന്നതോ മരണമെന്ന യാ ഥാർത്ഥ്യത്തിലേക്കും.

അവിടെ നാം ഒറ്റപ്പെടുന്നു. എ ല്ലാം നമുക്കന്യമാവുന്നു. ഭാര്യ, മ ക്കൾ, ബന്ധുക്കൾ..

ആർക്കുമാവശ്യമില്ലാത്ത ഒരു പിണ്ഡം. ആരും അറപ്പോടെ നോ ക്കുന്ന ശവം. മണ്ണായ മനുഷ്യൻ മ ണ്ണിലേക്ക് തന്നെ മടങ്ങിപ്പോകുന്നു.

ദൈവജ്യോതിസ്സായ ആത്മാവെ വിടെ!

ഞാൻ ആ സത്ത !

നീതിന്യായത്തിന്റെ ധർമാധർമ ത്തിന്റെ തുലാസും കാത്ത് ദൈവ സന്നിധിയിലേക്ക്.

ആരും അത്ര കാര്യമാക്കാത്ത യാഥാർത്ഥ്യം. അല്ലെങ്കിൽ ആർക്കാ ണിതിനൊക്കെയിവിടെ നേരം?

ധനം മനുഷ്യനെ എല്ലാം വി സ്മരിപ്പിക്കുന്നു. മിഥ്യകളുടെ വർ ണപ്പകിട്ടുകൾ തേടി മനുഷ്യൻ പരക്കം പായുന്നു. ക്ഷണിക സൗ ഭാഗ്യങ്ങളുടെ പൊന്നിൻ തിളക്കം അവനെ ഉന്മത്തനാക്കുന്നു. ക്ഷണി ക സൗഖ്യങ്ങളെ ശാശ്വതീകരിക്കാ നുള്ള വൃഥാശ്രമം.

സാഹോദര്യ ബന്ധം തന്നെ വിസ്മൃതമാവുന്നു. മനുഷ്യർ ആദ മിന്റെയും ഹവ്വയുടെയും സന്താന പരമ്പരയാണെന്ന വിശ്വാസം ത ന്നെ ഇല്ലാതായി. ഭൂമിയിൽ ആദ്യ മായി രക്തച്ചാലൊഴുക്കിയ ഖാബീ ലിന്റെ പിന്മുറക്കാരാവുകയാണ് ന ാം. എന്തിന്?

''സൈമുന്നിസാൻ, ഞങ്ങൾക്കി ഷ്ടമായി മോനെ, പുതിയ തത്വങ്ങ ളിഷ്ടമായി.'' വൃദ്ധൻ ശബ്ദമുയർ ത്തി പറഞ്ഞു.

ശാസമാനിൽ മതപ്രചരണം നടക്കുന്നുവെന്ന് ദാറാനറിഞ്ഞു. ചക്രവർത്തിക്ക് അത് സഹിക്കാൻ കഴിഞ്ഞില്ല. നിലനിന്നു പോരുന്ന വിശ്വാസങ്ങൾക്കും തന്റെ സിംഹാ സനത്തിനും ഭീഷണിയാണതെന്ന് ദാറാൻ കരുതി.

ചക്രവർത്തിയുടെ ചാരപ്പട സ ജീവമായി. സംശയമുള്ളവരെയൊ ക്കെ പിടിച്ചുകെട്ടി കൊട്ടാരത്തിലെ ത്തിച്ചു.

ഒരു ദിവസം സന്ധ്യ. ദാറാന്റെ രണ്ടു ഭടന്മാർ അങ്ങാടിയിലെത്തി. ജാബിർ കച്ചവടത്തിരക്കിലാണ്.

''നീയാണോ ജാബിർ?'' ഭടന്മാർ അലറി.

'അതേ, ഞാനാണ്.'

'നീ മജൂസിയോ മുസ്ലിമോ?'

തലയ്ക്കുള്ളിൽ മിന്നൽ പ ിണർ. ഞെട്ടാതിരിക്കാനായില്ല. ര ഹസ്യങ്ങൾ ദാറാൻ കണ്ടെത്തിയി രിക്കുന്നു.

ചോദ്യം ജാബിറിന്റെ തലക്കുമു കളിൽ മുഴങ്ങിക്കൊണ്ടിരുന്നു. നീ മജൂസിയോ മുസ്ലിമോ...?

''എന്താടാ ചോദിച്ചതു കേട്ടി ല്ലേ..?''

''ഞാൻ മുസ്ലിമാണ്.''

''നിന്റെ ഭാര്യയോ?''

''അവരും മുസ്ലിമാണ്.''

''ഓഹോ, മജൂസിയെന്ന് പറയു ന്നത് തന്നെ ആക്ഷേപമാണല്ലേ..?''

''ഞാനിപ്പോൾ മുസ്ലിമാണ്. അതു മാത്രമേ എനിക്കറിയൂ..'' ജാ ബിർ പറഞ്ഞു.

''തെമ്മാടി! എവിടെടാ നിന്റെ കെട്ട്യോള്. വേഗം വിളിച്ചുകൊണ്ടു വാ അവളെ..''

ഈ തിരക്കൊന്ന് കഴിഞ്ഞോ ട്ടെ. ഞാൻ പോയി കൊണ്ടുവരാം.

''പ്ഫ! നിന്റെ ഒരു കച്ചവടം.''

ഒരു ഭടൻ മുന്നോട്ട് കുതിച്ചു. ജാബിറിനെ അയാൾ വലിച്ചു പുറ ത്തിട്ടു. അവനെ കുതിരപ്പുറത്ത് വ ലിച്ചു കയറ്റി നേരെ ഇവിടെ വന്നു. ഞാൻ നിസ്കാരത്തിലാണ്. കൊ ച്ചുമോൾ ഹസീന എന്റെ അടുത്തു

കിടന്ന് ഉറങ്ങുന്നു.

കുതിരക്കാരൻ പാഞ്ഞുവരുന്ന ശബ്ദം ഞാൻ കേട്ടു.

''വിളിക്കെടാ അവളെ'' ഭടന്മാരുടെ കൽപന.

ജാബിർ ഭാര്യയെ വിളിച്ചു.

അവൾ വേഗം ഇറങ്ങിച്ചെന്നു. കുതിരകൾ തിരികെപ്പായുന്ന ശബ്ദമേ പിന്നെ ഞാൻ കേട്ടുള്ളൂ.

ജാബിറും ഭാര്യയും ദാറാന്റെ മുന്നിൽ ഹാജരാക്കപ്പെട്ടു. അയാളുടെ മുഖം കോപംകൊണ്ട് ചുവന്നു തുടുത്തു. വളരെ ഗൗരവത്തിൽ ദാറാൻ ചോദിച്ചു.

''നിന്റെ പേരെന്താണ്?''

''ജാബിർ''

''നിന്റെയോ?''

''അസൂറ''

''നിങ്ങൾ മതം മാറിയെന്ന് കേട്ടല്ലോ.. സത്യമാണോ?''

'അതെ'

ഒട്ടും കൂസാതെ ജാബിർ പറഞ്ഞു.

''ഉവ്വോ! ചക്രവർത്തിയുടെ മുഖം കൂറേകൂടി തുടുത്തു.'' പുതിയ മതത്തിൽ അറിഞ്ഞുകൊണ്ടു പോയതോ ആരെങ്കിലും പ്രേരിപ്പിച്ചിട്ടോ..?

സ്വന്തം ഇഷ്ടംകൊണ്ട് ചേർന്നതാണ്.

''എന്തിന്?'' ഇടി മുഴക്കം പോലെ ദാറാന്റെ ശബ്ദം ഘനം പൂണ്ടു.

''ഇസ്‌ലാം സത്യമാണ്.''

''നാം കൽപിക്കുന്നു-ഈ ശാസമാനിൽ മജൂസി മതമല്ലാതെ മറ്റൊരു മതവും പാടില്ല. എന്തു പറയുന്നു?''

''ഇല്ല, ഞാനിനി മജൂസിയാവില്ല.''

''ധിക്കാരി! നീ ചിന്തിച്ചിട്ടാണോ പറയുന്നത്? ഇത് ദാറാൻ ചക്രവർത്തിയാണ്. ശാസമാൻ നമ്മുടെ സാമ്രാജ്യമാണ്. ഇവിടെ നമ്മുടെ ഹിതമല്ലാതെ മറ്റൊന്നും നടക്കില്ല. ഇനി പറയൂ.. നീ മജൂസിയാണോ മുസ്‌ലിമാണോ..?

''ഞാൻ മുസ്‌ലിമാണ്.''

'ആരെവിടെ!' ദാറാൻ അലറി.

'അടിയൻ' ഭടൻ കൽപന കേൾക്കാൻ കാത്തുനിന്നു.

''ഈ ധിക്കാരിയെ ബന്ധിക്കൂ. ഇവനെ കൽതുറുങ്കിൽ ചേർത്ത് വരിഞ്ഞുകെട്ടൂ. ചാട്ടവാറുകൊണ്ട വന്റെ ശരീരം മുഴുവൻ അടിച്ചുപൊളിക്കൂ..''

പിന്നെ താമസിച്ചില്ല. ജാബിറിനെ കിങ്കരന്മാർ കൽതൂണിൽ വരിഞ്ഞുകെട്ടി. ചാട്ടവാറുകൾകൊണ്ട് തലങ്ങും വിലങ്ങും തല്ലാൻ തുടങ്ങി.

ഓരോ അടി വീഴുമ്പോഴും ജാബിർ ഉരുവിട്ടുകൊണ്ടിരുന്നു. അല്ലാഹു ഏകനാണ്. അവൻ മഹാനുമാണ്.

''നിർത്തൂ.. ദാറാൻ കൽപിച്ചു.'' കണ്ടോ നിന്റെ ഭർത്താവിന്റെ ധിക്കാരത്തിന്റെ പാഠം.

ദാറാൻ അസൂറയോട് പറഞ്ഞു.

എല്ലാം കണ്ടുകൊണ്ട് നിൽക്കുകയാണ് അസൂറ. തന്റെ എല്ലാമെല്ലാമായ ഭർത്താവ്. തന്റെ പുന്നാരമോൾ ഹസീനയുടെ പിതാവ് ചാട്ടവാറേറ്റ് പിടയുകയാണ്. ദേഹമാസകലം പൊട്ടി രക്തമൊഴുകുന്നു. സത്യമതം സ്വീകരിച്ചുപോയതിന്റ ശിക്ഷ. ദാറാൻ എത്ര ക്രൂരനാണ്.

''നീ എന്തു തീരുമാനിച്ചു. ജാബിറിനെ പോലെ ഇഞ്ചിഞ്ചായി മരിക്കുന്നോ.. അതോ മജൂസിയായി ജീവിക്കുന്നോ..?'' ദാറാൻ അസൂറയോട് ചോദിച്ചു.

''ഞാൻ മജൂസിയാവില്ല. ഭർത്താവിന്റെ മാർഗം തന്നെയാണ് ശരി.'' അസൂറ പറഞ്ഞു.

''മോളേ, നീ സുന്ദരിയാണ്. ചെറുപ്പമാണ്. ഓർക്കാതെ പുലഭ്യം പറഞ്ഞ് നാശം വരുത്തിവെക്കണ്ട.''

''ഞാൻ മതം മാറില്ല.''

''നീ ഒന്നുകൂടി ചിന്തിക്കൂ.. നീ തീരുമാനം മാറ്റിയാൽ എന്നോടൊപ്പം നിനക്ക് സുഖമായി കഴിയാം. ഈ ദാറാൻ ക്രൂരനല്ലെന്ന് നിനക്കപ്പോൾ മനസ്സിലാവും.''

''എനിക്കതിഷ്ടമില്ലെങ്കിലോ'' അസൂറ ചോദിച്ചു.

''നിന്റെ ഇഷ്ടം നമുക്കൊരു പ്രശ്നമേയല്ല. ഇവിടെ നമ്മുടെ ഇഷ്ടം. അതേ നടക്കൂ. ആരവിടെ! ഇവളെ അണിയിച്ചൊരുക്കി നമുക്കായി സമ്മാനിക്കാൻ ഏർപ്പാടാക്കൂ..''

കൽപന കേട്ടയുടൻ ഒരു ഭടൻ മുന്നോട്ടുവന്നു. അയാൾ അസൂറയോട് പറഞ്ഞു.

''നടക്കൂ..''

''എന്തിന്? ''

''നീ കൽപന കേട്ടില്ലേ..''

''നീ വേഗം പോയി നിന്റെ ഭാര്യയെ കൊണ്ട് വാ.. അവളല്ലേ എന്നേക്കാൾ നല്ലത്.''

ഭടന് കോപം വന്നു. എങ്ങനെയാണ് ഒരു ആണ് പെണ്ണിന്റെ ധിക്കാരം പൊറുക്കുക.

''എടീ ചൂലെ! നടക്കെടീ വേഗം..''

അയാൾ അസൂറയെ മുന്നോട്ട് തള്ളി. അവളത് പ്രതീക്ഷിച്ചതാണ്. അവൾ ഉന്തുകൊണ്ട് രണ്ടടി മുന്നോട്ട് പോയി. അതേ വേഗത്തിൽ അവൾ വെട്ടിത്തിരിഞ്ഞു. ചവിട്ടേറ്റ സർപ്പത്തെപോലെ അളുടെ സ്ത്രീത്വം ഫണം വിടർത്തി. കൈവലിച്ച് ആ ഭടന്റെ കരണക്കുറ്റിക്ക് ഒന്ന് വിട്ടുകൊടുത്തു. അയാൾ തല കറങ്ങി നിലത്തുവീണു.

ദാറാൻ ചക്രവർത്തി പോലും നടുങ്ങിപ്പോയി.

അസൂറ ഒരുന്മാദിയെപ്പോലെ വിളിച്ചുപറഞ്ഞു. ''ഏ ദാറാൻ! നിനക്കെന്നെ വേണമെന്നുണ്ടെങ്കിൽ കൊണ്ടുപോയ്ക്കോളൂ.. പക്ഷേ, ഇത് നിന്റെ അവസാനത്തെ രാത്രിയായിരിക്കും. അവസാനത്തെ രാത്രി...!''

കേട്ടവരൊക്കെ നടുങ്ങിപ്പോയി! ദാറാൻ ചക്രവർത്തിയുടെ നേരെ വിരൽ ചൂണ്ടാൻ ഇന്നോളമൊരാളും ധൈര്യം കാട്ടിയിട്ടില്ല. അബലയായ ഒരു പെണ്ണ് അതിനുപോലും ധൈര്യം കാട്ടിയിരിക്കുന്നു.

ചക്രവർത്തിക്കിത് സഹിക്കാനാവുമോ! ദാറാൻ സിംഹാസനത്തിൽ നിന്നും ചാടി എഴുന്നേറ്റു നിന്നലറി.

''ബന്ധിക്കവളെ. ഇവൾക്കു ഭ്രാന്താണ്. അടുത്ത കൽത്തൂണിൽ ഇവളെയും ബന്ധിക്കൂ.. ജാബിറും ഇവളും മുഖാമുഖം നിൽക്കട്ടെ.''

അസൂറ ബന്ധിതയായി.

''ചാട്ടവാറുകളാഞ്ഞാഞ്ഞു വീശി അവരെ തലോടൂ.. മതംമാറ്റത്തിന്റെ സുഖം അവർ നന്നായി അറിയട്ടെ..''

പുത്തൻ മതം കാര്യമായ ഭീഷണിയാണെന്ന് ദാറാനറിഞ്ഞു. അബലയായ ഒരു പെണ്ണിന് പോലും നമ്മോടെതിർക്കാൻ ധൈര്യം വന്നി

രിക്കുന്നു. മുളയിലേ നുള്ളിയില്ലെങ്കിലാപത്താണ്.

'ആരവിടെ'

'അടിയൻ'

''നമ്മുടെ പ്രജകളെ മുഴുവൻ നാളെ പുലർച്ചെ കൊട്ടാരമൈതാനത്ത് എത്തിച്ചേരാൻ നാം കൽപിച്ചിട്ടുള്ളതായി വിളംബരം ചെയ്യുന്നു.'' ചക്രവർത്തി അരുളി.

''ഉത്തരവ്..''

നാടാകെ പെരുമ്പറ മുഴങ്ങി.

പുലർച്ചെ തന്നെ കൊട്ടാര മൈതാനത്ത് ജനങ്ങളെ കൊണ്ടു നിറഞ്ഞു.

എന്താണ് സംഭവമെന്ന് ആർക്കും മനസ്സിലായില്ല. വിശാലമായ മൈതാനത്തിന് നടുക്ക് രണ്ട് തൂണുകൾ. തൂണുകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരിഴ. ഇഴയിൽ കൊളുത്തിയിട്ട രണ്ട് കപ്പികൾ. കപ്പികളിൽ ഓരോ കയർ..

കൂടിനിന്നവർ പരസ്പരം കൺമിഴിച്ചു. ചക്രവർത്തി എന്തേ ജനങ്ങളെ മുഴുവൻ വിളിച്ചുവരുത്തി.

ജനങ്ങളെ വകഞ്ഞുമാറ്റി വഴിയൊരുക്കിക്കൊണ്ട് ദാറാന്റെ സൈന്യത്തിലെ ചിലർ മുന്നോട്ടുവന്നു. തൊട്ടുപിന്നിൽ ബന്ധിതരായ ജാബിറും അസൂറയും. അവരുടെ ശരീരമാകെ അടികൊണ്ട് പൊട്ടി രക്തം വാർന്നൊലിച്ചു കട്ട പിടിച്ചിരിക്കുന്നു.

അവരെ മരപ്പാലത്തിൽ തൂങ്ങുന്ന കപ്പികൾക്കുതാഴെ കൊണ്ടുനിർത്തി. കഴുകിലേറ്റാൻ കൊണ്ടുവന്ന രാജ്യദ്രോഹികളെ പോലെ.

ജനം കാര്യമറിയാതെ കൺമിഴിച്ചു നിന്നു.

ഇവരെന്ത് തെറ്റാണ് ചെയ്തത്?

ജാബിർ!

അയാളെ അറിയുന്നവർ നടുങ്ങിപ്പോയി. സത്യസന്ധനായ ഒരു കച്ചവടക്കാരൻ. വിശ്വസ്തൻ. സ്നേഹധന്യനായ ഒരു സുഹൃത്ത്.

എന്തുപറ്റി ജാബിറിന്?

ഒരു കുതിരക്കുളമ്പടി കേട്ട് ജനം കാതോർത്തുനിന്നു.

'ദാറാൻ ചക്രവർത്തി നീണാൽ വാഴട്ടെ'

ജനം ഹർഷാരവം മുഴക്കി.

ചക്രവർത്തി എഴുന്നള്ളിയിരിക്കുന്നു.

കുറ്റവാളികളുടെ അടുത്തെത്തിയ ദാറാൻ കൽപിച്ചു.

''ഊ.. ഇവറ്റകളുടെ തലമുടിയിൽ കയറുകൾ ബന്ധിക്കൂ.. നമ്മുടെ പ്രജകൾക്കെല്ലാം കാണാനാവും വിധം കയറിൽ തൂക്കി ഉയർത്തിനിർത്തൂ..''

ജാബിറും അസൂറയും കയറിൽ തൂങ്ങി നിന്നാടുന്നത് ജനം കണ്ടു. വേദനകൊണ്ട് അവർ പിടയുകയാണ്.

ജനങ്ങൾ വീർപ്പടക്കി നിന്നു.

അധികപേരും കരഞ്ഞുപോയി.

മനുഷ്യൻ മനുഷ്യനോട് കാട്ടുന്ന ക്രൂരത!

''നമ്മുടെ പ്രജകളായ മാന്യമഹാജനങ്ങളേ... ദാറാൻ ചക്രവർത്തി തിരുവുളമുണർത്തുകയാണ്.''

നിങ്ങളുടെ മുന്നിൽ കയറിൽ തൂങ്ങിയാടുന്നത് ജാബിറും അസൂറയുമാണ്. ധിക്കാരികൾ. നമ്മുടെ ശാസമാനിൽ മജൂസി മതമല്ലാതെ മറ്റൊരു മതവും നാമനുവദിക്കില്ല. ഈ ധിക്കാരികൾ നാമറിയാതെ അറബികളുടെ പുത്തൻ മതം സ്വീകരിച്ചിരിക്കുന്നു. ആരെങ്കിലും പുത്തൻ മതത്തിൽ ചേരുന്നതായാൽ ഈ തൂങ്ങിനിൽക്കുന്ന ജാബിറിന്റെയും അസൂറയുടെയും അനുഭവം തന്നെയാണുണ്ടാവുക. മതംമാറ്റം നമ്മെ സംബന്ധിച്ചിടത്തോളം രാജ്യദ്രോഹ കുറ്റമായിത്തന്നെ നാം കണക്കാക്കും. ഈ തൂങ്ങിനിൽക്കുന്ന ജാബിറിന്റെയും അസൂറയുടെയും തലകൾ ഇതേ നിൽപിൽ തന്നെ ഛേദിച്ചു കളയാൻ നാം കൽപിക്കുന്നു.

കൽപന കിട്ടേണ്ട താമസം.. ജാബിറിന്റെ തല ഛേദിക്കപ്പെട്ടു. ഉടൻ നിലത്തുവീണു പിടഞ്ഞു.

അസൂറ കണ്ണുകൾ പൂട്ടിനിന്നു. തനിക്കത് കാണാനുള്ള കരുത്തില്ല. തന്റെ പൊന്നുമോളുടെ പിതാവിന്റെ തലയില്ലാത്ത ശരീരം നിലത്തുവീണു പിടയുകയാണ്.

അധികം ആലോചിക്കേണ്ടി വന്നില്ല. അവളും അവസാന സാക്ഷിവാചകം മനസ്സിലുറപ്പിച്ചു കഴിഞ്ഞു. അടുത്ത വാൾത്തലയും മിന്നി. രണ്ട് തലകൾ മാത്രം കൊലക്കയറിൽ തൂങ്ങിയാടുന്നു.

ജനങ്ങൾ അതു കാണാനാവാതെ കണ്ണുപൊത്തി. സ്ത്രീകൾ മനസ്സലിഞ്ഞു പൊട്ടിക്കരഞ്ഞു.

ക്രൂരനായ ദാറാൻ..!

നാവനക്കാനവകാശമില്ലാത്ത പ്രജകൾ മൗനമായി ശാപം ചൊരിഞ്ഞു.

സൈമുന്നിസാന് നന്നേ സഹതാപം തോന്നി. ഇന്ന് ശാസമാനിൽ രാഷ്ട്രീയ സ്ഥിതി ആകെ മാറിയിരിക്കുന്നു. ഭരണാധികാരികൾ തെറ്റു ചെയ്താൽ അവരോട് മുഖത്തുനോക്കി കാരണം ചോദിക്കാവുന്ന വ്യവസ്ഥിതി. എല്ലാവർക്കും തുല്യത. ഭരണാധിപൻ പ്രജകളുടെ യജമാനനല്ല. സേവകനാണ്.

രണ്ട് രക്തസാക്ഷികളുടെ പുത്രി. രണ്ടു പുണ്യാത്മാക്കളുടെ പിൻമുറക്കാരി.

അതാണ് ഹസീന.

സൈമുന്നിസാന് അഭിമാനം തോന്നി.

പേര് പോലെ സുന്ദരിയായ കുട്ടി.

ഇവൾ തന്റേതാവണം. തന്റേതു മാത്രം.

അത്താഴം കഴിഞ്ഞേ മടങ്ങാവൂ എന്ന് വൃദ്ധന് നിർബന്ധമായി.

''വേണ്ടെന്ന് പറയുന്നതെങ്ങനെ?''

വൃദ്ധനും സൈമുന്നിസാനും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു. തൃപ്തിയുള്ള ഭക്ഷണം. ഇത്രയും രുചിയോടെ ഭക്ഷണം കഴിക്കുന്നത് ജീവിതത്തിലാദ്യമാണെന്നു തോന്നി.

വീണ്ടും ഹസീന പുറത്തുവന്നു. അവൾ പുറത്തുവരാൻ വേണ്ടി കാത്തിരിക്കുകയായിരുന്നു സൈമുന്നിസാൻ.

കാണാൻ.. ഒരിക്കൽകൂടി കാണാൻ.

രണ്ടുപേർക്കും ഒരേ ആഗ്രഹം.. ഒരേ ചിന്ത.. അതാണ് യൗവ്വനം. മനസ്സിലെവിടെയോ ഇണകൾക്കിരിക്കാൻ ഏദൻതോട്ടം പണിയുന്നവർ.

തുടരും

● ഉമ്മുസഹ്ൽ താഴത്തുമുറി

സ്നേഹതീരം തേടി

നോവൽ 16

# കനൽപഥങ്ങളിൽ കനകം തെളിയുന്നു

'ഇല്ലാ അത് നടക്കില്ല. ശരിയാവില്ലത്, ഈ മണ്ണ് വിട്ടെറിഞ്ഞ് ഞങ്ങൾ എങ്ങോട്ട് പോവാൻ. ആവരുടെ മാനസിക നില സൂപ്രണ്ട് വായിച്ചെടുത്തു.

പെട്ടെന്ന് കേൾക്കുമ്പോൾ ആർക്കും ദഹിക്കാത്ത കാര്യം തന്നെയാണിത്. എനിക്കറിയാം, നിങ്ങൾക്ക് എന്ത് സഹായത്തിനും ഞാനുണ്ട്. കോഴിക്കോട് എനിക്കൊരു തറവാട് വീടുണ്ട്. അനുജന്മാരെല്ലാം വേറെ വീട് വെച്ചു താമസം മാറി, തറവാട് വീടിപ്പം ഒഴിഞ്ഞ് കിടക്കാണ്. നിങ്ങൾക്ക് വേണമെങ്കിൽ ആ വീടും അതിനോട് ചേർന്ന പത്ത് സെന്റ് സ്ഥലവും കുറഞ്ഞ വിലക്ക് ഞാൻ വാങ്ങിത്തരാം,

അവർ മൂവരും അതേ കുറിച്ച് ഏറെ നേരം ചർച്ച ചെയ്തു. ഒടുവിൽ ഭാവിയുടെ സുരക്ഷിതത്വത്തിന് വേണ്ടി വർത്തമാനത്തെ പതിയെ വളച്ചൊടിക്കുന്നതിൽ തെറ്റില്ലെന്നവർക്ക് തോന്നി.

ഏതായാലും ഞങ്ങൾ ഉമ്മയോട് കാര്യങ്ങളൊക്കെ ഒന്ന് സംസാരിക്കട്ടെ'

മുറ്റത്ത് ചിതറിക്കിടക്കുന്ന ഉണക്ക ഇലകൾ അടിച്ചുമാറ്റുകയായിരുന്നു കദീസുമ്മ. മക്കൾ വരുന്നത് കണ്ടപ്പോൾ ചൂല് ഒരു ഓരത്ത് വെച്ച് അവരെയും കാത്തിരുന്നു. എന്തിനായിരുന്നു ഇത്ര കാലത്തെ ഗസ്റ്റ് ഹൗസിലേക്ക് വിളിപ്പിച്ചത്. എന്തോ പ്രധാന കാര്യമുണ്ട്. അവരിങ്ങ് അടുത്തെത്തിയെന്ന കണ്ടപ്പോൾ കദീസുമ്മ അവർക്കരികിലേക്ക് നടന്നു..

എന്താ അതി രാവിലെ തന്നെ അയാള് വിളിപ്പിച്ചത് എന്തേനി ഇത്ര വലിയ അർജന്റ്'

'അതൊക്കെ ഉണ്ട് ഉമ്മാ... ഉമ്മ ഒന്നിങ്ങ് വന്നേ ഒരു കാര്യം പറയട്ടെ'

അവർ കദീസുമ്മയുടെ കൈ പിടിച്ച് വീടിന്റെ പിന്നാമ്പുറത്തേക്ക് നടന്നു.

''ഇല്ല, നടക്കില്ല, ഞാനെങ്ങോട്ടും പോരിണില്ല., ഇങ്ങളെ ബാപ്പാന്റെ ഖബറുള്ള മണ്ണാത്, ഇബടന്ന്, ഇല്ല ഞാനില്ല, മൂപ്പർക്കത് ഇഷ്ടാകൂന്ന് തോന്നുണുണ്ടോ നിങ്ങൾക്ക്.''

കദീസുമ്മ പൊട്ടിത്തെറിച്ചു.

'ഉമ്മാ നമ്മളെ അവസ്ഥ മനസ്സിലാക്കുമ്പോൾ..' മക്കൾ ഉമ്മയെ അ

നുനയിപ്പിക്കാൻ ശ്രമിച്ചു.

'ഒര് സൂപ്രണ്ട്.. ഓനാരാ ഇങ്ങളോട് ഇതൊക്കെ പറയാൻ, അന്തല്ല്യാത്ത കുട്ട്യോൾക്ക് പറഞ്ഞ് കൊടുത്ത കാര്യം കൊള്ളാം, അല്ലെങ്കിൽ ഞമ്മള കാര്യത്തിൽ ഓനെന്താപ്പത്ര ബേജാറ്, എന്തെങ്കിലും കമ്മീഷൻ വാങ്ങുന്നുണ്ടാവും. അല്ലാതെ ഇങ്ങനെയുണ്ടോ ബുദ്ധി, കുടുംബക്കാരനാണത്രെ, കുടുംബക്കാരൻ' കദീസുമ്മയുടെ ദേഷ്യം ആളിക്കത്തി.

വേണ്ടുമ്മാ, എന്തിനാ ആ പാവത്തെ കുറ്റം പറയുന്നത്, മനസാക്ഷിയുള്ള മനുഷ്യനാണയാൾ, സ്വന്തം അനുജന്മാരെപ്പോലെയാണ് ഞങ്ങളെ കാണുന്നേ, നമ്മോട് വല്ലാത്ത സ്നേഹവും അനുകമ്പയും ഉണ്ടയാൾക്ക്.

'അവന്റെ ഒരു സ്നേഹം, ഇക്കാര്യവും പറഞ്ഞ് നിങ്ങളെന്റെ പിറകിൽ വരണ്ട. എനിക്കത് ഇഷ്ടമല്ല, കദീസുമ്മ അവരിൽ നിന്നും മുഖം തിരിച്ചു.

'ഉമ്മാ ഒരു കാര്യം കൂടി കേട്ടോളീ, കമ്പനി പൂട്ടി അവിടുത്തെ ജോലിയും പോയി, ഇനിയിപ്പോ നമ്മളെ പത്രാസൊക്കെ നിക്കാൻ പോകാ, കൂലിപ്പണിക്ക് പോവാനൊന്നും ഞങ്ങളോട് വയ്യുമ്മാ, ഇബ്ടുന്ന് പോവുമ്പം എന്തെങ്കിലും കച്ചോടോ മറ്റോ തുടങ്ങാനായിട്ട് കുറച്ച് കാശുംകൂടി മുതാലാളീന്റ്ടുത്തൂന്ന് ഒപ്പിച്ചു തരാന്നൂടീ ആ സൂപ്രണ്ട് പറഞ്ഞീനി, ഞെന്താമാണ്ടീച്ചാ ഇങ്ങള് തീരുമാനിച്ചോളീ..സൈദ് അകത്തേക്ക് കയറി... പറകെ നാസറും.

ബാലിശമായ ജീവിത സമ്മർദ്ദങ്ങൾ ഒടുവിൽ ആ വൃദ്ധ മനസ്സിനെ കീഴടക്കി. മനസാക്ഷിയെ വഞ്ചിച്ച് കദീസുമ്മ മക്കളുടെ താത്പര്യത്തിന് കണ്ണീരോടെ വഴങ്ങി.

പിന്നീടുള്ള ദിനങ്ങൾ നാസറിനും സൈദിനും ഏറെ തിരക്കു പിടിച്ചതായിരുന്നു. പെങ്ങളുടെ കല്യാണം നടത്തണം. ആഘോഷമാക്കാൻ തന്നെയാണ് അവർ തീരുമാനിച്ചത്. വരനായി വരുന്നത് ചില്ലറക്കാരനല്ല. കോടീശ്വരനാണ്. നാട്ടുകാർക്ക് മുമ്പിൽ തല ഉയർത്തിപ്പിടിച്ച നിമിഷങ്ങൾ. ഗ്രാമത്തിലെ സകലരേയും അവർ വിവാഹത്തിന ക്ഷണിച്ചു. പലരുടെയും ഉള്ളിൽ ധീരനായ കുഞ്ഞാലിയുടെ മുഖം തെളിഞ്ഞു വന്നു.

ഒടുവിൽ ആ ദിവസം വന്നെത്തി. മുറ്റത്ത് വിശാലമായ പന്തലൊരുങ്ങി. അകത്ത് പക്ഷേ ചിറകൊടിഞ്ഞ കുഞ്ഞിക്കുരുവിയെ പോലെ ആ ഹൃദയം വല്ലാതെ തേങ്ങുന്നുണ്ടായിരുന്നു.

ചമച്ചൊരുക്കി അവർ ആഇശയെ പന്തലിലിരുത്തി, ഒരു മാലാഖക്ക് സമാനമായിരുന്നു അവളപ്പോൾ, ഒരായിരം കനൽകട്ടകൾ, ഹൃദയത്തിൽ തുളച്ചു കയറുന്നതു പോലെ തോന്നി ആഇശക്ക്. ഒന്നാളിക്കത്തിയിരുന്നെങ്കിൽ, എല്ലാം ഒന്ന് കെട്ടടങ്ങിയെങ്കിൽ, അവളുടെ ഉള്ളം വല്ലാതെ കൊതിച്ചു.

ആഇശയെയും കൊണ്ട് അവർ അലങ്കരിച്ച ആ വാഹനത്തിൽ അതിവേഗം പറന്നു. അതിന് ചുവടുപടിച്ച് മറ്റു വാഹനങ്ങളും. ഗ്രാമീണർ കൗതുകത്തോടെയാണ് ആ കാഴ്ചകളെല്ലാം കണ്ടുനിന്നത്. കൂട്ടത്തിൽ ആ രണ്ട് കുഞ്ഞിളം കണ്ണുകളും ഉണ്ടായിരുന്നു.

കല്യാണത്തിന് പിറ്റേന്ന് തന്നെ വീടും പുരയിടവും വിൽക്കാനുള്ള നെട്ടോട്ടത്തിലായി സൈദും നാസറും. നാട്ടുകാരുടെ ചോദ്യത്തിന് മുമ്പിൽ അവർ തന്ത്രപരമായി ഒഴിഞ്ഞു മാറി. അവർ അവരെ മാത്രം സ്നേഹിക്കുന്ന നിമിഷങ്ങളിലായിരുന്നു. ഒടുവിൽ ഒരു നല്ല വിലയിൽ വീടും പുരയിടവും വാങ്ങാൻ ആളു വന്നു.

'മക്കളെ ഇബടന്ന് പോയാപിന്നെ ആഇശാനെ നമ്മക്ക് കാണാൻ പറ്റ്വോ?' കദീസുമ്മ ഉമ്മറ കോലായിൽ വന്നിരുന്നു.

എന്താണുമ്മാ നിങ്ങൾക്ക്? ഞമ്മളവളെ കടലിനക്കരേക്കല്ലല്ലോ കെട്ടിച്ച് വിട്ടത്. കാണാൻ തോന്നുമ്പം അവിടെ പോയി കാണാം. പക്ഷേ തത്കാലം നമ്മക്കവളെ കാണാതിരിക്കുന്നതാവും ബുദ്ധി. പിന്നെ അവൾക്ക് കുഞ്ഞിനെ വേണ്ടിവരും, അവനെ കൊണ്ടുപോവേണ്ടി വരും, ഉമ്മാക്ക് അറിയാലൊ അവിടുത്തെ ഉമ്മാക്ക് അതിൽ താത്പര്യമില്ലാന്ന്.

വീട്ടു സാധനങ്ങൾ വണ്ടിയിലേക്ക് കയറ്റുകയായിരുന്നു അവരിരുവരും

ഓക്ക് കാണാൻ പൂതിണ്ടാവൂലേ ഓളെ തങ്കക്കുടത്തിനെ. പാവം ന്റെ കുട്ടി. എങ്ങനെയാണാവോ അവ്ടെ കഴിച്ചു കൂട്ട്ണത് – കദീസുമ്മ കണ്ണീർ പൊഴിച്ചു.

എന്റുമ്മാ അവളവിടെ രാജകുമാരിയായിരിക്കും. ആ വീടൊന്ന് കാണണംമ്മാ ങ്ങള്. ചുണ്ടത്ത് വിരൽ വെച്ചു പോകും, അവൾക്കവിടെ പരമ സുഖായിരിക്കും സൈദ് പുഞ്ചിരിച്ചു.

കദീസുമ്മയിൽ നിന്നു നെടുവീർപ്പുയർന്നു. കുഞ്ഞുണർന്ന് കരയുന്നത് കേട്ടപ്പോൾ എഴുന്നേറ്റ് അകത്തേക്ക് നടന്നു.

***** ******

നിലാവുള്ള രാത്രിയായിരുന്നു അത്. ആഇശ റൂമിൽ മട്ടുപാവിലേക്കിറങ്ങി നിന്നു. എങ്ങും ശാന്തത, ചീവീടുകളുടെയും ദൂരേ നിന്ന് എങ്ങോ കേൾക്കുന്ന കുറുക്കന്റെ ഓരിയിടലും ഒഴിച്ചാൽ കടുത്ത നിശബ്ദത തന്നെ. തന്റെ പൊന്നു മോനേ പിരിഞ്ഞിട്ട് ഇന്നേക്ക് ഏഴു നാൾ കഴിഞ്ഞിരിക്കുന്നു. അതിഥികളും, വിരുന്നും, സൽക്കാരവും.. തിരിക്കു പിടിച്ച രാത്രികളും പകലുകളും. ഇന്ന് അദ്ദേഹം വീട്ടിലില്ല. ബിസിനസ്സ് കാര്യത്തിനുവേണ്ടി ദൂരെക്കെവിടേക്കോ പോയിരിക്കുന്നു. എന്തായാലും നന്നായി, ആയിശക്ക് അങ്ങനെയാണ് തോന്നിയത്. തന്റെ പൊന്നു മോനെ ഒന്നോർത്തു നോക്കുകയെങ്കിലും ചെയ്യാമല്ലോ? തന്റെ മാറിൽ ഒട്ടിപ്പിടിച്ചാണവൻ ഉറങ്ങാറ്, ഉറക്കം വരുമ്പോൾ നെഞ്ചോട് ചേർന്ന് കിടക്കുന്ന അവന്റെ ശിരസ്സിൽ പതിയെ തലോടുമ്പോൾ ഒരായിരം കൗതുകങ്ങൾ വിരിയുന്ന ആ കുഞ്ഞിക്കണ്ണുകൾ മെല്ലെ മെല്ലെ അടയുന്നത് കാണാം. ഉറങ്ങിയെന്ന് കണ്ടാൽ ഇരു കവിളുകളിലും തുരുതുരാ ചുംബനം നൽകി അവനെ വിരിപ്പിലേക്ക് കിടത്തും. അവന്റെ കുഞ്ഞികൈകൾ അപ്പോഴും തന്റെ വസ്ത്രത്തിൽ ഇറുക്കിപ്പിടിച്ചിരിക്കും. പതിയെ വേർപ്പെടുത്തി അവനെ കെട്ടിപ്പിടിച്ചു കിടക്കും. ആയിശയുടെ കണ്ണിൽ നിന്നും കണ്ണുനീർ തുള്ളികൾ പ്രവഹിക്കാൻ തുടങ്ങി. കണ്ണുനീരായിരുന്നില്ല ഹൃദയം പൊട്ടി നുറുങ്ങിയ രക്തതുള്ളികളായിരുന്നു അത്.

ഉമ്മയും ഇക്കാക്കമാരും മോനെയും കൊണ്ട് ഇതുവരെയും ഒന്ന് വന്നില്ലല്ലേ. ഓരോ പകലിലും ഞാനെത്ര പ്രതീക്ഷയോടെയാണ് വഴിയിലേക്കും നോക്കി കാത്തിരിക്കാറ്. അവളുടെ രോദനം ആ നിശബ്ദതയിൽ അവിടെ തന്നെ തട്ടി നിന്നു.

കുഞ്ഞിനെ കൊണ്ടുവരുന്നതിൽ അദ്ദേഹത്തിന്റെ ഉമ്മക്ക് ഒട്ടും താത്പര്യമില്ലെന്ന് തോന്നുന്നു. വീട്ടിൽ വരുന്ന അതിഥികളോടൊക്കെ

പറയുന്നത് കേൾക്കാം. പക്ഷേ ഞാൻ എന്നെ ചതിക്കുകയായിരുന്നില്ലേ, എന്റെ ഫാരിസ് മോനും കൂടെ ഉണ്ടാവുമെന്ന് കരുതിയല്ലേ ഞാൻ, അല്ലെങ്കിൽ എന്റെ കുഞ്ഞാലിക്കയുടെ ഓർമകൾ മയങ്ങിക്കിടക്കുന്ന ആ ഗ്രാമം വിട്ട് ഞാനെങ്ങും പോവുമായിരുന്നില്ലല്ലോ. ആലോചിച്ചപ്പോൾ തന്റെ ഹൃദയം പൊട്ടിപ്പിളരുന്നതുപോലെ തോന്നി ആയിശാക്ക്. ഈ പാതിരാവിൽ ഇവിടെ നിന്നും ഓടി മറഞ്ഞാലോ... എന്റെ മോനരികിലേക്ക്. പക്ഷേ എങ്ങിനെ, ഉമ്മയും ഇക്കമാരും വീട് വിറ്റ് എങ്ങോ പോയെന്നല്ലേ ആ സൂപ്രണ്ട് പറഞ്ഞത്. കല്യാണത്തിന് കടം കൂടിയത്രെ, ആരു പറഞ്ഞു ഇത്ര വലിയ ആർഭാടമാക്കാൻ. എന്നാലും ഉമ്മാ നിങ്ങൾപോലും എന്നെക്കുറിച്ച് ഒന്ന് ചിന്തിച്ചില്ലല്ലോ, എനിക്കെന്റെ മോനെ കാണാതെ കഴിയുമോ? മനസ്സിൽ സംഭരിച്ചു വെച്ചിരുന്ന അഗ്നിഗോളം അവിടെ പൊട്ടിച്ചിതറുകയായിരുന്നു. ആഇശ പൊട്ടിപൊട്ടിക്കരഞ്ഞു.

സകലരും ഉറങ്ങുന്ന ആ രാത്രിയിൽ അവൾ മെഴുകുതിരി കണക്കെ ഉരുകിക്കൊണ്ടിരുന്നു.

കാലത്ത് അടുക്കളയിൽ വന്നു നിന്ന ആഇശയെ കണ്ടപ്പോൾ നബീസുമ്മ ചോദിച്ചു: 'മോളെന്താ വല്ലാതിരിക്കുന്നേ സുഖമില്ലേ'

'ചെറിയൊരു തലവേദന' ആഇശ പുഞ്ചിരിച്ചു

എങ്കിൽ ചൂട് കൊള്ളണ്ട. തലവേദന അധികമാവും. പോയി കിടന്നോളൂ ഇവിടെ പണിക്കാരത്തി പെണ്ണുങ്ങളൊക്കെ ഉണ്ടല്ലോ, സുഖായിട്ട് വന്നാമതി.

അടുക്കളയിൽ ചുറ്റിപ്പറ്റി നിന്നിരുന്ന ആഇശയോട് അവർ വീണ്ടും ചോദിച്ചു: എന്താ മോള് കിടക്കാൻ പോകുന്നില്ലേ, അൽപം റസ്റ്റെടുക്ക്. അപ്പം ശരിയാവും. നബീസുമ്മ അവളുടെ നെറ്റിത്തടം തൊട്ടു നോക്കി. ഇല്ല പനിയൊന്നുമില്ല.

സ്നേഹ രൂപേണയുള്ള അവളുടെ പെരുമാറ്റത്തിൽ ആഇശ സന്തുഷ്ടയായി. അവളൊരൽപം സ്വാതന്ത്ര്യത്തോടെ തന്നെ ചോദിച്ചു. ഉമ്മാ എനിക്കെന്റെ മോനെ ഒന്ന് കാണാൻ വല്ലാത്ത ആഗ്രഹമുണ്ടായിരുന്നു, ഞാനവനെ ഇതുവരെയായി' വാക്കുകൾ പൂർത്തിയാക്കും മുന്നേ ആഇശയുടെ കണ്ഠമിടറി. കണ്ണുകൾ സജലങ്ങളായി. മന്ദഹാസം തളം കെട്ടി നിന്നിരുന്ന നബീസുമ്മയുടെ മുഖം പെട്ടെന്ന് കറുത്തിരുണ്ടു.

അത് ശരി, അതാണ് തലവേദന, മോനെ പിരിഞ്ഞിരിക്കാൻ പറ്റില്ലെങ്കിൽ പിന്നെ എന്തിന് കല്യാണത്തിന് സമ്മതിച്ചു. അവനെയും കെട്ടിപ്പിടിച്ച് അവിടെ തന്നെ നിന്നാൽ പോരായിരുന്നോ? സിംഹത്തിന് മുന്നിൽ പെട്ടുപോയ പേടമാനിനെ പോലെയായി ആയിശ. അവൾ നിന്നു വിറച്ചു.

ഇക്കാര്യം ഞാൻ നേരത്തെ തന്നെ പറഞ്ഞതാണ്. നിനക്ക് മനസ്സിലാക്കാൻ വേണ്ടി ഒന്നൂടെ പറയാം, എന്റെ മോന് മൂത്ത് നരച്ചിട്ടൊന്നുല്യാ. കുട്ടികൾ ഉണ്ടാവണ പ്രായവും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മറ്റൊരു തറവാട്ടിലെ കുട്ടിയെ ഇവിടെ വെച്ചു പൊറുപ്പിക്കേണ്ട ഗതികേടൊന്നും ഇപ്പം ഓന് വന്നിട്ടില്ല. ഇത്തരം മാണ്ടാത്ത പൂതിയൊക്കെ മനസ്സിലുണ്ടെങ്കിൽ ആദ്യം തന്നെ അതൊക്കെയങ്ങ് വലിച്ചെറിഞ്ഞേക്ക്. എന്നിട്ട് എന്റെ മോന്റെ അനുസരണയുള്ള പെണ്ണായി അടങ്ങിയൊതുങ്ങി ഇവിടെ കഴിഞ്ഞോ – അർത്ഥഗർഭമുള്ള ഒരു നോട്ടം അവൾക്ക് നേരെയെറിഞ്ഞ് അവർ മുകളിൽ കയറി.

ആലില പോലെ വിറകൊണ്ട ആഇശ അവിടെ തളർന്നിരുന്നു. അൽപസമയം വേണ്ടിവന്നു അവൾക്ക് സമനില വീണ്ടു കിട്ടാൻ. പൊട്ടിക്കരഞ്ഞുകൊണ്ട് ആഇശ റൂമിലേക്കോടി.

തലയിണ നനഞ്ഞു കുതിർന്നപ്പോൾ ആഇശ എഴുന്നേറ്റു.' ഇല്ല എന്റെ വേദനകൾ അറിയാൻ ആരുമില്ല. എന്റെ നൊമ്പരങ്ങൾ പങ്കുവെക്കാനും ആരുമില്ല. കൂട്ടിലിട്ടു വളർത്തുന്ന പാവം പക്ഷി കണക്കേ മാറിയിരിക്കുന്ന താനെന്ന സത്യം അവൾ മനസ്സിലാക്കുകയായിരുന്നു. കണ്ണെത്താത്ത ദൂരത്തോളം പറന്ന കലണമെന്നുണ്ട്. പക്ഷേ എങ്ങനെ ചുറ്റും കമ്പികൾ കൊണ്ട് വേലി പണിതതല്ലേ, എല്ലാം സഹിക്കാം, ക്ഷമിക്കാം, എന്റെ നാഥാ എന്നെങ്കിലുമൊരു നാൾ എന്റെ പൊന്നുമോനെ എന്റെ മുന്നിൽ കൊണ്ടുവന്നു തരണേ.. എനിക്കവന്റെ കവിളുകളിൽ തുരുതുരാ ചുംബനം നൽകണം. എന്റെ നെഞ്ചോട് ചേർത്തവനെ വാരിപ്പുണരണം. അവളുടെ ഗദ്ഗദങ്ങൾക്ക് സാക്ഷിയായി മിഴിനീർ കണങ്ങൾ മാത്രം നിലത്ത് വീണ് ചിന്നിചിതറി.

******* *******

പുതിയ വീടും പരിസരവുമായി ഇണങ്ങിച്ചേരാൻ കദീസുമ്മാക്ക് ദിവസങ്ങൾ തന്നെ വേണ്ടി വന്നു. അയൽക്കാരും നാട്ടുകാരുമായി പരിചയപ്പെട്ടു വരുന്നതേയുള്ളൂ... വീടിനടുത്തുള്ള ഇരുനില ബിൽഡിങ്ങിലെ ഒറ്റ മുറിയിൽ അവർ പലചരക്കു കട തുടങ്ങി. കച്ചവടം കൂടി കൂടി വരുന്നുണ്ട്. സൂപ്രണ്ടിന്റെ ഇടപെടൽ എല്ലാറ്റിനുമൊരു വേഗത വർദ്ധിപ്പിച്ചിട്ടുണ്ട്, സൂപ്രണ്ടിന്റെ ബന്ധുക്കളെന്ന നിലയിലും മാന്യമായ അവരുടെ സ്വഭാവ രീതിയും ആളുകൾക്കിടയിൽ അവർക്ക് നല്ല മതിപ്പുണ്ടാക്കി. ക്രമേണ ക്രമേണ കച്ചവടം മുന്നോട്ട് കൊണ്ടുപോവാൻ അവർക്ക് സാധിച്ചു. കള്ളവും ചതിയുമില്ലാത്ത അവരുടെ കച്ചവടരീതി ആരെയും ആകർഷിക്കുന്നതായിരുന്നു.

വർഷങ്ങൾ പലതു കഴിഞ്ഞു. ഫാരിസ് മോൻ. അവനിപ്പോൾ മദ്റസയിലും സ്കൂളിലും പോയിത്തുടങ്ങി. മകളെ കുറിച്ചുള്ള കദീസുമ്മയുടെ സങ്കടങ്ങൾക്കും ആദികൾക്കും ഇപ്പോൾ മറുപടി കിട്ടാതായി. അവരുടെ ഉള്ളിൽ നീറുന്ന കനലായി ആഇശ അവശേഷിച്ചു. സൈദും നാസറും തിരക്കേറിയ കച്ചവടക്കാരായി മാറി. ആയിടക്കാണ് സൈദിന്റെ വിവാഹം നടന്നത്. അധികം വൈകാതെ നാസറിന്റെയും സൈനബയും സുഹ്റയും ആ വീട്ടിലെ അംഗങ്ങളായി മാറി.

സുഹറ വന്നതിൽ പിന്നെ ഫാരിസിന്റെ ബാല്യം കൂടുതൽ മനോഹരമായി. ഫാരിസിനൊപ്പം കളിക്കാനും തമാശകൾ പങ്കിടാനും അവൾ സമയം കണ്ടെത്തി. മാതാവും കൂട്ടുകാരിയും സഹോദരിയും എല്ലാമായി മാറി സുഹ്റ ഫാരിസിന്. അനാഥത്വത്തിന്റെ യാതൊരു നൊമ്പരവും സഹിക്കാതെ അവൻ വളർന്നു. അവരുടെയെല്ലാം തണലിലായി അവർക്കെല്ലാം പ്രിയപ്പെട്ടവനായി...

********** ************

മുഖമമർത്തി കരയുന്ന ഫാരിസിന്റെ ശിരസിൽ തലോടിക്കൊണ്ട് അയാൾ പറഞ്ഞു. 'മോനെന്തിനാ കരയുന്നേ, സമാധാനിക്കൂ മോനേ'

'ഉപ്പുപ്പാ എനിക്കെന്റെ ഉപ്പയുടെ ഖബറൊന്ന് സിയാറത്ത് ചെയ്യണം' ഫാരിസ് തലയുയർത്തി. ഉതിർന്നു വീണ കണ്ണുനീർ തുള്ളികൾ അ

● കെ.എച്ച്. കോട്ടപ്പുഴ

# കിനാക്കിളി

നോവൽ 12

## ഒരപരിചിതൻ

നല്ല തണുപ്പുള്ള രാത്രി. എത്ര പെട്ടെന്നാണ് സമയം നീങ്ങിയത്. കിഴക്ക് വെള്ള കീറാൻ ഇനി അധിക സമയമില്ല. റൂമിലെ അരണ്ട വെളിച്ചംകൊണ്ട് ക്ലോക്കിന്റെ ഡയൽ വ്യക്തമായി കാണുന്നില്ല. സലീം ലൈറ്റ് തെളിയിച്ചു. അല്ല, നഈമയെവിടെ. ഈ നേരത്ത് അവൾ എവിടെപ്പോവാനാണ്. വീടും പരിസരവുമൊന്നും പരിചയപ്പെട്ടിട്ടില്ലല്ലോ. അൽപമൊന്ന് ഭയപ്പെടാതിരുന്നില്ല.

ബെഡ്റൂമിൽ നിന്നും വേവലാതിയോടെ പുറത്തിറങ്ങി.

ആരും ഉണർന്ന ലക്ഷണമില്ല. അതാ അടുക്കളയിൽ വെളിച്ചമുണ്ട്. നേരിയ ശബ്ദവും കേൾക്കുന്നു. ഇൻഡക്ഷൻ സ്റ്റൗവിന്റെ ശബ്ദം. ഉമ്മയായിരിക്കുമോ..?

ഹേയ്.. അതിന് സാധ്യതയില്ല. ഉമ്മ ഇത്ര നേരത്തെ എഴുന്നേൽക്കാറില്ല. രാവിലെ ചായ കുടിക്കാതെയാണല്ലോ പലപ്പോഴും ഞാൻ മദ്റസയിൽ പോയിരുന്നത്. ഞാൻ മാത്രമല്ല, സുമയ്യയും സലീനയും ഇപ്പോൾ ശബീബും അപ്രകാരം തന്നെയാണ്. കാലങ്ങളേറെ കഴിഞ്ഞിട്ടും രീതികളൊക്കെ പഴയതുതന്നെ... സത്യം പറഞ്ഞാൽ വർഷങ്ങളായി എന്റെ വീടിന്റെ അവസ്ഥകൾ എനിക്കറിയില്ല. വീട്ടുകാരനാണെങ്കിലും വല്ലപ്പോഴും വന്നുപോകുന്ന ഒരു വിരുന്നുകാരനെപ്പോലെയായിരുന്നല്ലോ ഞാൻ.. ഇനി ഏതായാലും അതു പറ്റുകയില്ല.

രാവിലെ ചായ കഴിക്കാതെ വന്നവർ എഴുന്നേറ്റ് നിൽക്കുക. ഇടക്കിടെ ഉസ്താദ് ചോദിക്കുമായിരുന്നു. വീടുകളുടെ സ്ഥിതിയറിയാനുള്ള ഒരു സൂത്രമാണത്.

അപ്പോഴെല്ലാം ധൈര്യത്തോടെ എഴുന്നേറ്റു നിൽക്കുന്ന ആറോ ഏഴോ കുട്ടികളുണ്ടായിരുന്നു. അവരിൽ ഒരാൾ ഞാൻ തന്നെയാണ്.

നിങ്ങൾ നേരത്തെ എഴുന്നേറ്റ് ഉമ്മയെ വിളിച്ചുണർത്തണം. എന്നാൽ നിങ്ങൾക്കും ചായ കഴിച്ച് ഉന്മേഷത്തോടെ ക്ലാസിലെത്താൻ കഴിയും.

അതിരാവിലെ കഴിക്കുന്ന ഭക്ഷണം ബ്രേക്ക് ഫാസ്റ്റാണ്. എന്താണ് ബ്രേക്ക് ഫാസ്റ്റ്..? ഉസ്താദ് ഞങ്ങളെ ശ്രദ്ധിക്കുകയായിരുന്നു.

അതിരാവിലത്തെ ഭക്ഷണം തന്നെ, അങ്ങനെയല്ലേ ഉസ്താദ് പറഞ്ഞത്.

മുജീബിന്റെ മറുപടി കേട്ട് കുട്ടികൾ ഊറിച്ചിരിക്കുകയായിരുന്നു.

ശരിയാണ്. മുജീബ് പറഞ്ഞത് ശരിതന്നെ.

ആ പേര് വരാൻ ഒരു കാരണമുണ്ട്. നാമെല്ലാം രാത്രിയിൽ ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ പിന്നെ ഒരു നീണ്ട ഫാസ്റ്റിങ്ങാണല്ലോ.. അല്ലേ..?

ഫാസ്റ്റ് എന്നാൽ വേഗത എന്നല്ലേ ഉസ്താദേ.. നസീമ സംശയം പ്രകടിപ്പിച്ചു.

അതെ, അങ്ങനെ ഒരർത്ഥവും ആ പദത്തിനുണ്ട്. എന്നാൽ ഇവിടെ ഉദ്ദേശ്യം അതല്ല. ഉപവാസം എന്നാണ്. ഭക്ഷണമൊന്നും കഴിക്കാതെ വയർ കാലിയായിരിക്കുന്ന അവസ്ഥ. ഈ ഫാസ്റ്റിങ്ങിനെ ബ്രേക്ക് ചെയ്യലാണ് ബ്രേക്ക് ഫാസ്റ്റ്. മനസ്സിലായില്ലേ..

അതെ..അതെ.

'ബ്രേക്ക് ഫാസ്റ്റ് ഈസ് ബ്രൈൻ ഫുഡ്' എന്ന ഒരാപ്തവാക്യമുണ്ട്.

അതെന്താണ്? മനസ്സിലായില്ല. നിയാസാണത് പതുക്കെ പറഞ്ഞത്.

അതായത് അതിരാവിലെ കഴിക്കുന്ന ഭക്ഷണം തലച്ചോറിനുള്ളതാണ്. ബുദ്ധിയെ തൊട്ടുണർത്തുന്നതാണ്. രാവിലെ ഒന്നും കഴിക്കാതെ എത്തുന്ന കുട്ടികളാണ് ക്ലാസിൽ ഉറക്കം തൂങ്ങികളാകുന്നത്... അതുകൊണ്ട് എന്തു ചെയ്യണം?

ചായ കുടിച്ചു ക്ലാസിൽ വരണം. കുട്ടികൾ എല്ലാവരും പറഞ്ഞു.

അതെ, പ്രഭാതകർമങ്ങളൊക്കെ നിർവ്വഹിച്ചു, ഭക്ഷണം കഴിച്ച് ഉന്മേഷത്തോടെ മദ്റസയിൽ എത്തിച്ചേരണം. ഇക്കാര്യം അടുത്ത പഠനക്ലാസിൽ എല്ലാ ഉമ്മമാരെയും ഞാൻ അറിയിക്കുന്നുണ്ട്. ഉസ്താദ് സരസമായി പറഞ്ഞു.

അല്ല.. ഇതെന്താ പരിപാടി. നിന്നെ കാണാതെ ഞാൻ പേടിച്ചുപോയല്ലോ. സലീം ചോദിച്ചു.

നഈമ ചായ തയ്യാറാക്കുകയായിരുന്നു.

അവൾ ഒന്ന് പുഞ്ചിരിച്ചു. സ്നേഹം പകരുന്ന പുഞ്ചിരി.

ഉമ്മാന്റെയും ഉപ്പാന്റെയുമൊക്കെ നിസ്കാരം കഴിയുമ്പോഴേക്കും ചായ റെഡിയാവണം. അവർക്കത് കൊടുക്കുകയും ചെയ്യണം. ദാ.. നിങ്ങൾക്കും ഉണ്ടാകും കെട്ടോ...

സുബ്ഹ് ബാങ്കിന്റെ ശബ്ദം മുഴങ്ങി.. സലീം പള്ളിയിലേക്കായി ഇറങ്ങി നടന്നു. പള്ളിയുടെ പരിസരത്തുള്ളവരെല്ലാം ഇപ്പോൾ ജമാഅത്തിന് എത്താറുണ്ട്. ഉസ്താദിന്റെ പ്രവർത്തനഫലമായി ഉണ്ടായ മാറ്റമാണിത്. വ്യക്തികളെ നേരിൽ കണ്ട് ക്ഷണിക്കലാണ് ഉസ്താദിന്റെ രീതി. സുഖവിവരങ്ങൾ അന്വേഷിച്ചറിയും. പ്രയാസ ഘട്ടങ്ങൾ തരണം ചെയ്യാനുള്ള മാർഗങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്യും. നാട്ടിൽ നിലനിന്നിരുന്ന പല കുടുംബവഴക്കുകളും കക്ഷി പ്രശ്നങ്ങളും ഉസ്താദിന്റെ ഇടപെടൽ മൂലം ഇല്ലാതായിട്ടുണ്ട്.

ഉമ്മാ.. ഉമ്മാ... ദാ, നേരം കുറേയായി. എഴുന്നേൽക്കിൻ. സുബ്ഹി നിസ്കാരവും പ്രാർത്ഥനയുമെല്ലാം കഴിഞ്ഞിട്ടും ആരും എഴുന്നേൽകാതിരുന്നപ്പോൾ നഈമ വിളിച്ചുണർത്തി.

ങാ.. ഞാനറിഞ്ഞില്ല. ദിവസങ്ങളായില്ലേ നന്നായൊന്നുറങ്ങീട്ട്. കദിയാത്ത വേഗത്തിൽ എഴുന്നേറ്റു. എല്ലാവരെയും വിളിച്ചുണർത്തി... ഉണരാൻ വൈകിയതിലുള്ള ഒരുജാള്യത അവരുടെ മുഖത്ത് പ്രതിഫലിച്ചു കാണുന്നതായി അവർക്കുതോന്നി... ഞാൻ വിളിച്ചുണർത്തിയത് അബദ്ധമായോ? ഒരു വേള നഈമ ചിന്തിക്കാതിരുന്നില്ല.

മിനുട്ടുകൾ മണിക്കൂറുകളായി സമയമേറെ കഴിഞ്ഞു. വീട്ടുജോലികളെല്ലാം ചെയ്യുന്നത് ഉമ്മയാണ്... പാത്ര കഴുകുന്നത്, മുറ്റവും അകവും തൂത്തുവാരുന്നത്.. അങ്ങനെ എല്ലാ കാര്യവും.

സുമയ്യയും സലീനയും കശപിശ കൂടിക്കൊണ്ടിരിക്കുകയാണ്. കുട്ടിക്കളിയിൽ നിന്ന് അവർ ഇതുവരെ വിട്ടുനിന്നിട്ടില്ല. എന്റെ മക്കൾ നാളെ കുടുംബനാഥകളാവേണ്ടവരാണ്. അവർ മറ്റൊരു വീട്ടിൽ ജീവിതം നയിക്കേണ്ടവരാണ് എന്ന ചിന്ത ഉമ്മാക്ക് തീരെയില്ല. മക്കൾക്കു പരിശീലനം നൽകൽ ഉമ്മമാരുടെ കടമയാണല്ലോ. പെൺമക്കളെകൊണ്ട് വീട്ടുജോലി ചെയ്യിപ്പിക്കുന്നത് അവർക്കുനൽകുന്ന പരിശീലനമാണ്. അതാകട്ടെ അവരുടെ ഭാവിജീവിതം ഭാസുരമാക്കാൻ അത്യാവശ്യവുമാണ്.

താത്താ... എന്റെ യൂണിഫോം എങ്ങനെയുണ്ട്, അടിപൊളിയല്ലേ..? സ്കൂളിലേക്ക് പോകാൻ ഒരുങ്ങിയ സുമയ്യ ചോദിച്ചു. നന്നായിട്ടുണ്ട്... ആ ഷാള് ചുറ്റിയത്. ഇനിയും നന്നാകാനുണ്ട്...

ങേ.. ഇതിനെന്താ കുഴപ്പം?

മുഖം മാത്രമല്ലേ വെളിവാക്കൽ അനുവദനീയമുള്ളൂ.. കഴുത്തും ചെവിയുമൊന്നും മുഖത്തിൽ പെട്ടതല്ല. അവയുംകൂടി മറഞ്ഞിരിക്കണം..

ഈ ചുറ്റിക്കെട്ടലൊക്കെ.. ഇതാ ഇവിടെന്നങ്ങ് ഇറങ്ങുന്നതുവരെ നന്നായിട്ടുണ്ടാവും. സ്കൂളിലെത്തിയാൽ ഷാള് തോളിലായിരിക്കും. സലീന ഇടക്കു കയറി പറഞ്ഞു.

പോടീ.. നീ നിന്റെ കാര്യം നോക്ക്യാ മതി. എന്റെ കാര്യത്തിൽ എടപെടേണ്ട... അവർ വഴക്കിനൊരുങ്ങുകയാണ്.

ഇത്ര നേരത്തെ എന്തിനാ സ്കൂളിൽ പോകുന്നത്? പത്തു മണിക്കല്ലേ സ്കൂൾ ആരംഭിക്കുക. നഈ ചോദിച്ചു.

പത്തു മണിക്കാണ് ക്ലാസ് തുടങ്ങുക. പക്ഷേ, ഞങ്ങൾ പത്താം ക്ലാസുകാർ നേരത്തെ എത്തി പഠിക്കണമെന്നാണ് സാറ് പറഞ്ഞിരിക്കുന്നത്. അങ്ങനെ, കുട്ടികളൊക്കെ ക്ലാസിലിരുന്ന് കഴിഞ്ഞ പാഠങ്ങൾ പഠിക്കും. പിന്നെ നടന്ന് സ്കൂളിലെത്താൻ ഒരുപാട് സമയമെടുക്കും. സ്കൂൾ ബസ്സൊന്നും ഈ നാട്ടിലില്ലല്ലോ.. എല്ലാ വിഷയത്തിലും എപ്ലസ് നേടണം. അതാണെന്റെ ലക്ഷ്യം...

മദ്റസയിൽ അഞ്ചാം തരത്തിൽ തോറ്റവളാണ്... ഫുൾ എ.പ്ലസിനു മോഹിക്കുന്നത്. സലീന അവളെ

ശേഷം പേജ് 48 ൽ